(ബി) 2014-15 അദ്ധ്യയന വർഷം ഇന്റൻഡ് ചെയ്തതനുസരിച്ചുള്ള പാഠപുസ്തക വിതരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടില്ല.

(സി) മൂന്ന് മന്ത്രിതല യോഗങ്ങളും പൊതുവിദ്യാഭ്യാസ സെക്രട്ടറി തലത്തിൽ നിരവധി യോഗങ്ങളും ചേരുകയുണ്ടായി. സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായി. യോഗ നടത്തിപ്പിനായി പ്രത്യേക ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

പാഠപുസ്തകങ്ങളിലെ അക്ഷരത്തെറ്റുകൾ

15(4618) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയനവർഷം ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പഠിക്കാനായി അച്ചടിച്ച പുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അച്ചടിച്ചു വിതരണം ചെയ്ത പുസ്തകങ്ങളിൽ 7-ാം ക്ലാസ്സ് ഇംഗ്ലീഷ് പുസ്തകത്തിൽ കടന്നു കൂടിയിട്ടുള്ള അക്ഷരത്തെറ്റ്, അർത്ഥത്തിലെ വ്യത്യാസങ്ങൾ, വ്യാകരണത്തെറ്റുകൾ ഉൾപ്പെടെ ഏതെല്ലാം ക്ലാസ്സുകളിലെ എത്ര പുസ്തകങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്നാണ് വകുപ്പ് കണക്കാക്കിയത്; ഇവ തിരുത്താൻ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം വിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിൽ വളരെയധികം തെറ്റുകൾ കണ്ടെത്തിയ പാഠപുസ്തകങ്ങൾ ഏതെല്ലാമെന്നും ഇവ തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട അദ്ധ്യാപകർ ആരെല്ലാമെന്നും, അവർക്കെതിരെ എപ്രകാരമുള്ള നടപടി വകുപ്പ് സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ കുട്ടികൾക്ക് പഠിക്കാനുള്ള പാഠപുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ വരുന്ന സാഹചര്യത്തിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാൻ നൂതനമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലേക്ക് തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ തെറ്റുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ചില പുസ്തകങ്ങളിലെ ആദ്യപ്രതി പ്രിന്റ് ചെയ്തപ്പോഴുണ്ടായ അച്ചടിപ്പിശകുകൾ പരിഹരിച്ച് വീണ്ടും അച്ചടിക്ക് നൽകിയിട്ടുണ്ട്. ഇത് പരിഹരിച്ചുള്ള നിർദ്ദേശം അദ്ധ്യാപകർക്ക് പരിശീലന സമയത്ത് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാഠപുസ്തകങ്ങളിൽ കണ്ടെത്തിയ നിസാരമായ പിശകുകൾ പരിഹരിച്ചാണ് റീപ്രിന്റിനു നൽകിയത്. ഇത് എല്ലാ വർഷവും പുസ്തകം റീപ്രിന്റിന് നൽകുന്നതിനു മുമ്പായി നടത്തുന്ന പ്രക്രിയയാണ്. സാരമായ തെറ്റുകളല്ലാത്തതിനാൽ തയ്യാറാക്കിയ അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കേണ്ടി വന്നില്ല.

(ഡി) കരിക്കുലം സബ് കമ്മിറ്റിയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗങ്ങളെ ഉൾപ്പെടുത്തി സൂക്ഷ്മപരിശോധനയ്ക്കുശേഷം മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക് നൽകുകയുള്ളൂ. കൂടാതെ പുസ്തകങ്ങൾ അച്ചടിക്ക് നൽകുന്നതിനു മുമ്പ് വിദഗ്ധ സമിതിയെക്കൊണ്ട് സൂക്ഷ്മ പരിശോധന നടത്തുന്നതാണ്. പിശകുകളില്ല എന്നുറപ്പാക്കി മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക് നൽകുകയുള്ളൂ.

യൂണിഫോം വിതരണം

16(4620) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കുട്ടികൾക്ക് കഴിഞ്ഞ അദ്ധ്യയന വർഷം വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്ന യൂണിഫോം യഥാസമയം വിതരണം ചെയ്യുവാൻ തീർക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉദ്യോഗസ്ഥർ കൃത്യവിലോപം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദ്യ സംരംഭമെന്ന നിലയിൽ ഉണഭോക്താക്കളായ വിദ്യാർത്ഥികളുടെ കണക്ക് (എ.പി.എൽ. ബി.പി.എൽ.) ശേഖരിക്കുന്നതിനും, ഉണമേന്മയുള്ള യൂണിത്തരങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടിവന്നു. ഈ പദ്ധതി ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കമ്പനികളെ എംപാനൽ ചെയ്തതിനാൽ സ്വാഭാവിക കാലതാമസം മാത്രമേ നേരിട്ടിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly